# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1464 | | | 11.08.2017-ൽ മറുപടിയ്ക്ക് |
|---|---|---|---|
| ക്ഷേമ പെൻഷനുകൾ | | | |
| ചോദ്യം | | | മറുപടി |
| ശ്രീ.സി. ദിവാകരൻ | | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ ക്ഷേമ പെൻഷനുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം വിതരണം ചെയ്ത് വരുന്ന കർഷക തൊഴിലാളി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധ്യകകാല പെൻഷൻ , ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവ 2017 ഏപ്രിൽ മാസം വരെ വിതരണം ചെയ്തിട്ടുണ്ട്. 2017 മെയ്,ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിലെ പെൻഷൻ പൂർണ്ണമായി വിതരണം ചെയ്യുന്നതിനുള്ള തുകയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും അവ എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്നും വ്യക്തമാക്കുമോ; | (ബി) | 2017 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് (ആകെ 4 മാസം) മാസങ്ങളിൽ കുടിശ്ശികയായിട്ടുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വിവിധ ക്ഷേമ പെൻഷനുകൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | 1. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ - 3329855618/-<br>2. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 18407048234/-<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 11876283761/-<br>4. കർഷക തൊഴിലാളി പെൻഷൻ - 5068944197/-<br>5. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ - 741402191/-<br>ആകെ - 39423534001/-<br>2016-17 സാമ്പത്തിക വർഷം 39423534001/- രൂപ ആകെ വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണത്തിനായി ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ